**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5618</u>** **<u>24-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ സേവനങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഇപ്പോൾ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളാണ് നിലവിലുള്ളത്; പ്രസ്തുത കേന്ദ്രങ്ങളിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 885 കുടുംബാരോഗ്യ കേന്ദ്രങ്ങളാണുള്ളത്. ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 2017മുതൽ 2025 വരെ ചുവടെ ചേർക്കും പ്രകാരം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

| **തസ്തിക** | **എണ്ണ** |
|---|---|
| അസിസ്റ്റന്റ് സർജൻ | 605 |
| നഴ്സിംഗ് ഓഫീസർ | 890 |
| ലാബ് ടെക്നീഷ്യൻ ഗ്രേഡ് II | 505 |
| ഫാർമസിസ്റ്റ് ഗ്രേഡ് II | 400 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 30 |
| **ആകെ** | **2430** |

| | | | |
|---|---|---|---|
| (ബി) | ഒരു കുടുബാരോഗ്യ കേന്ദ്രത്തിൽ എത്ര തസ്തികകളാണ് നിലവിലുള്ളത്; എന്തൊക്കെ സഹായങ്ങളും പരിശോധനകളുമാണ് അവിടെ നിന്നും ലഭിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | ആർദ്രം മാനദണ്ഡങ്ങൾ പ്രകാരം ഒരു കുടുംബാരോഗ്യ കേന്ദ്രത്തിൽ 3 ഡോക്ടർമാരും 4 നഴ്സിംഗ് ഓഫീസർമാരും 2 ഫാർമസിസ്റ്റുമാരും ഒരു ലാബ് ടെക്നീഷ്യനുമാണ് നിഷ്കർഷിച്ചിട്ടുള്ളത്. കൂടാതെ നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ്, ഓഫീസ് സ്റ്റാഫ് (ക്ലർക്ക്, ഓഫീസ് അസിസ്റ്റന്റ്), പാർട്ട് ടൈം സ്വീപ്പർ, പബ്ലിക്ക് ഹെൽത്ത് നഴ്സ്, ഹെൽത്ത് ഇൻസ്പെക്ടർ, ഫീൽഡ് സ്റ്റാഫുകൾ (ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ്) തുടങ്ങിയ ജീവനക്കാരെയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിയമിച്ചിട്ടുള്ളതാണ്.<br><br>ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ജനസൗഹാർദ്ദ അന്തരീക്ഷവും മെച്ചപ്പെട്ട ഭൗതിക സാഹചര്യവും സൃഷ്ടിക്കുന്നതിനും ഒ പി നവീകരണം, സമഗ്ര പ്രഥമികാരോഗ്യ പരിരക്ഷ, മാർഗ്ഗ രേഖകൾ അനുസരിച്ചുള്ള ചികിത്സ, പ്രീ ചെക്ക്, പോസ്റ്റ് ചെക്ക് കൗൺസിലിംഗ് സൗകര്യം, ശ്വാസ്, ആശ്വാസ് |

| | | | |
|---|---|---|---|
| | | | പദ്ധതികൾ, ശിശു - മാതൃ, വയോജന, കൗമാര ആരോഗ്യം, പകർച്ച വ്യാധി പ്രതിരോധം പകർച്ചേതര വ്യാധി നിയന്ത്രണം, അർബുദരോഗ പ്രതിരോധം, സാന്ത്വന പരിചരണം തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നു. |
| (സി) | ഒരു കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിൽ എത്ര മണിക്കൂർ സേവനമാണ് ഡോക്ടർമാരിൽ നിന്നും ലഭിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഔട്ട് പേഷ്യന്റ് സംവിധാനം ആഴ്ചയിൽ എല്ലാ ദിവസവും ഉണ്ടായിരിക്കുന്നതാണ്. തിങ്കൾ മുതൽ ശനി വരെ രാവിലെ 9 AM മുതൽ 6 PM വരെയും ഞായറാഴ്ച ദിവസങ്ങളിൽ രാവിലെ 9 AM മുതൽ 1.30 PM വരെയും ഒ പി സേവനം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പിന് കീഴിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II ന്റെ 30 തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്

സ.ഉ.(കൈ) നം.373/2024/H&FWD തീയതി,തിരുവനന്തപുരം, 05-12-2024

പരാമർശം:- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 01.08.2024,, 18.09.2024, 06.11.2024 എന്നീ തീയതികളിലെ പി.എൽ.എ4-9811/2023/ആ.വ.ഡ നമ്പർ കത്ത്

ഉത്തരവ്

ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശ പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ 31,100-66,800 രൂപ ശമ്പളസ്കെയിലിൽ വിവിധ ജില്ലകളിലായി ചുവടെ ചേർത്തിരിക്കും പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- II ന്റെ 30 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

| ക്രമ നം | ജില്ല | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2 |
| 2 | കൊല്ലം | 2 |
| 3 | പത്തനംതിട്ട | 2 |
| 4 | ആലപ്പുഴ | 2 |
| 5 | കോട്ടയം | 2 |
| 6 | ഇടുക്കി | 2 |
| 7 | എറണാകുളം | 2 |

| | | |
|---|---|---|
| 8 | തൃശ്ശൂർ | 3 |
| 9 | പാലക്കാട് | 2 |
| 10 | മലപ്പുറം | 3 |
| 11 | കോഴിക്കോട് | 2 |
| 12 | വയനാട് | 2 |
| 13 | കണ്ണൂർ | 2 |
| 14 | കാസർഗോഡ് | 2 |
| | ആകെ | 30 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർ

ധനകാര്യ വകുപ്പ് (File No.2917624 / HLT-B1/155/2024-FIN)

പൊതു ഭരണ (എസ്.സി) വകുപ്പ് (ഇനം നം. 2552 തീയതി 04.12.2024 )

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shailakumari. M
Date: 05-12-2024 15:48:56

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുടെ പി എസ്-ന്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പിന് കീഴിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II ന്റെ 30 തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്

സ.ഉ.(കൈ) നം.373/2024/H&FWD    തീയതി,തിരുവനന്തപുരം, 05-12-2024

പരാമർശം:-    ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 01.08.2024,, 18.09.2024, 06.11.2024 എന്നീ തീയതികളിലെ പി.എൽ.എ4-9811/2023/ആ.വ.ഡ നമ്പർ കത്ത്

<u>ഉത്തരവ്</u>

ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശ പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ 31,100-66,800 രൂപ ശമ്പളസ്കെയിലിൽ വിവിധ ജില്ലകളിലായി ചുവടെ ചേർത്തിരിക്കും പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- II ന്റെ 30 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

| ക്രമ നം | ജില്ല | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2 |
| 2 | കൊല്ലം | 2 |
| 3 | പത്തനംതിട്ട | 2 |
| 4 | ആലപ്പുഴ | 2 |
| 5 | കോട്ടയം | 2 |
| 6 | ഇടുക്കി | 2 |
| 7 | എറണാകുളം | 2 |

| | | |
|---|---|---|
| 8 | തൃശ്ശൂർ | 3 |
| 9 | പാലക്കാട് | 2 |
| 10 | മലപ്പുറം | 3 |
| 11 | കോഴിക്കോട് | 2 |
| 12 | വയനാട് | 2 |
| 13 | കണ്ണൂർ | 2 |
| 14 | കാസർഗോഡ് | 2 |
| | ആകെ | 30 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർ
ധനകാര്യ വകുപ്പ് (File No.2917624 / HLT-B1/155/2024-FIN)
പൊതു ഭരണ (എസ്.സി) വകുപ്പ് (ഇനം നം. 2552 തീയതി 04.12.2024 )
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Shailakumari. M
Date: 05-12-2024 15:48:56
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുടെ പി എസ്-ന്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

